7. കാപ്പാട് എസ്. സി. ബി.

പ്യൂൺ	: 1
അറ്റൻഡർ	: 1
	2

14. കാസർകോട്

1. കൊട്ടാഞ്ചേരി എസ്. സി. ബി.

ജൂനിയർ ക്ലാർക്ക്	: 2
പ്യൂൺ	: 1
	3

2. നീലേശ്വരം സഹകരണ അർബൻ ബാങ്ക്

ജൂനിയർ ക്ലാർക്ക്	: 2

3. പെർള എസ്. സി. ബി.

ജൂനിയർ ക്ലാർക്ക്	: 3
പ്യൂൺ	: 1
	4

4. കുംബഡാജെ എസ്. സി. ബി.

ജൂനിയർ ക്ലാർക്ക്	: 2

സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രമോഷൻ

155 (380) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ പ്രമോഷനുവേണ്ടി ഫീഡർ കാറ്റഗറി, സീനിയോറിറ്റി ലിസ്റ്റ് എന്നിവ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം താലൂക്കിലെ എത്ര സർവ്വീസ് സഹകരണ സംഘങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; പ്രസ്തുത സംഘങ്ങളുടെ പേര് വിവരം വെളിപ്പെടുത്താമോ ;

(ബി) തിരുവനന്തപുരം സർവ്വീസ് സഹകരണ സംഘത്തിന്റെ ഫീഡർ കാറ്റഗറി സബ്റാളും, സീനിയോറിറ്റി ലിസ്റ്റും അംഗീകരിക്കുന്നതിന് വേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ച് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ബാങ്കിൽ നിന്നും ജീവനക്കാരുടെ പ്രമോഷനുവേണ്ടി വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം താലൂക്കിലെ 10 സഹകരണസംഘങ്ങൾ ഫീഡർ കാറ്റഗറി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

1. അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
2. കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്ക്
3. കഠിനംകുളം സർവ്വീസ് സഹകരണ ബാങ്ക്
4. തോന്നയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്
5. മുടവൻ മുകൾ സർവ്വീസ് സഹകരണ ബാങ്ക്
6. വഴുതക്കാട് സർവ്വീസ് സഹകരണ ബാങ്ക്
7. വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക്
8. കോവളം സർവ്വീസ് സഹകരണ ബാങ്ക്
9. തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക്
10. പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക്

സീനിയോറിറ്റി ലിസ്റ്റ് ആരും സമർപ്പിച്ചിട്ടില്ല.

(ബി) ഫീഡർ കാറ്റഗറി സബ് റൂൾസ് അംഗീകരിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ന്യൂനതകൾ കണ്ടതിനാൽ അവ പരിഹരിച്ച് നൽകുന്നതിന് വേണ്ടി പ്രസ്തുത അപേക്ഷ 29-5-2000-ൽ ബാങ്കിന് മടക്കി നൽകിയിട്ടുണ്ട്. ന്യൂനത പരിഹരിച്ച് അപേക്ഷ മടക്കി നാൾ ഇതുവരെ ലഭിച്ചിട്ടില്ല. സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല. ജീവനക്കാരുടെ സീനിയോറിറ്റിയെ സംബന്ധിച്ച് തീരുമാനം സംഘം ഭരണസമിതിയാണ് കൈക്കൊള്ളേണ്ടത്.

(സി) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പ്രമോഷനുവേണ്ടി ജീവനക്കാർക്ക് സർവ്വകലാശാല ബിരുദം നേടുന്നതിൽ നിന്നും സഹകരണ നിയമം ചട്ടം 185 (8) പ്രകാരം ഇളവനുവദിക്കുന്നതിനുള്ള രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതിനാൽ ന്യൂനത പരിഹരിച്ച് നൽകുന്നതിന് നിർദ്ദേശം നൽകികൊണ്ട് അപേക്ഷ ബാങ്കിന് 28-12-2000-ന് മടക്കി നൽകിയിരുന്നു. ആയത് ന്യൂനത പരിഹരിച്ച് നാളിതുവരെ സമർപ്പിച്ചിട്ടില്ല.

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

156 (381) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly